മാർച്ച് 29, 2007

**മാർച്ച് മാസം 31 ന് ഭാരതീയ റിസർവ് ബാങ്ക് സമയത്തിനു ശേഷവും നികുതി അടവുകൾ സ്വീകരിക്കും.**

നികുതിദായകരുടെ സൗകര്യത്തിനായി ഭാരതീയ റിസർവ് ബാങ്ക് മുംബൈയിലേയും നവി മുംബൈയിലേയും ഓഫീസുകളിൽ നികുതിയിനത്തിൽ വരുന്ന അടവുകൾ 2007, മാർച്ച് 31 ന് 4.00.പി.എം. വരെ കൗണ്ടറുകളിൽ സ്വീകരിക്കുന്നതിനുള്ള പ്രത്യേക ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. സർക്കാരിനുള്ള നികുതിയിനത്തിൽ അടവ് വരുന്ന ചെക്കുകളും മറ്റ് ഉപകരണ ങ്ങളും 2007, മാർച്ച് 31 ന് 5.00 പി.എം. വരെ സ്വീകരിക്കപ്പെടും.

ഏജൻസി ബാങ്കുകൾക്ക്, അതായത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ , അതിന്റെ അസോസിയേറ്റ് ബാങ്കുകൾ , പൊതുമേഖലാ ബാങ്കുകൾ, നാമനിർദ്ദേശം ചെയ്യപ്പെട്ട സ്വകാര്യ മേഖല ബാങ്കുകൾ എന്നിവയ്ക്ക് 2007, മാർച്ച് 31 ന് സാധാരണ ബാങ്കിങ്ങ് സമയത്തിന് ശേഷവും നികുതി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതിദായകർ 2007, മാർച്ച് 31 ന് അവസാനിക്കുന്ന സാമ്പത്തിക വർഷത്തേക്കുള്ള ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണ മെന്ന് റിസർവ് ബാങ്ക് അഭ്യർത്ഥിക്കുന്നു.

അജിത്പ്രസാദ്

മാനേജർ

പ്രസ്റിലീസ് 2006 - 2007 / 1316